മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

പ്രസ്തുത ഉത്തരവിൽതന്നെ സൂചിപ്പിച്ചിട്ടുള്ളതുപോലെ നെട്ടൂർ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചശേഷം സർക്കാർ സർവ്വീസിൽ വിവിധ സമുദായങ്ങൾക്കുള്ള പ്രാതിനിധ്യത്തെക്കുറിച്ച് ഗവൺമെന്റ് ശേഖരിച്ച കണക്കുകളുടെ അടിസ്ഥാനത്തിലാണ് പുതുക്കിയ സംവരണ ശതമാനങ്ങൾ നിശ്ചയിച്ചിട്ടുള്ളത്.

തുറമുഖങ്ങളുടെ വികസനം

* 739 [804] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാം പഞ്ചവൽസരപദ്ധതിക്കാലത്ത് സംസ്ഥാനത്തെ തുറമുഖങ്ങളെ വികസിപ്പിക്കുവാൻ ഏതെങ്കിലും പദ്ധതികൾ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തുറമുഖങ്ങളിലാണ്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) വിഴിഞ്ഞം, നീണ്ടകര, ബേപ്പൂർ, അഴീക്കൽ ഈ തുറമുഖങ്ങളിലാണ്.

ഉദ്യോഗ നിയമന ലിസ്റ്റിന്റെ പ്രാബല്യം

* 740 [805] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പബ്ലിക് സർവ്വീസ് കമ്മീഷൻ തെരഞ്ഞെടുക്കുന്ന ഉദ്യോഗ നിയമന ലിസ്റ്റ് എത്രവർഷം പ്രാബല്യത്തിലിരിക്കും?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

പി.എസ്. സി.നിയമനത്തിന് തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികളുടെ റാങ്ക് ലിസ്റ്റ് സാധാരണയായി ചുരുങ്ങിയത് ഒരുവർഷമോ പരമാവധി രണ്ടുവർഷമെന്ന നിബന്ധനക്ക് വിധേയമായി അടുത്ത ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെയോ പ്രാബല്യത്തിലിരിക്കും. ചില പ്രത്യേക സാഹചര്യങ്ങളിൽ ലിസ്റ്റിന്റെ കാലാവധി മൂന്നുവർഷംവരെ നീട്ടുവാൻ വ്യവസ്ഥയുണ്ട്.

മണ്ണെണ്ണ വ്യാപാരവും പെട്രോൾ വ്യാപാരവും

* 741 [806] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ വ്യാപാരവും പെട്രോൾ വ്യാപാരവും സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly